KOCHI - 14

# Training Material for Post harvest Handling of Shrimp & Clam Products

National Agricultural Technology Project
Studies on Fisherwomen in coastal Eco System of
Andhra Pradesh, Karnataka, Tamilnadu and Kerala

**Compiled and Edited by:**
**Prof. Dr. R. Sathiadhas and Dr. Femeena Hassan**

**Supported by:**
**Sri. Y. Joseph Raj and Jijo Joseph.**

**Published by:**
**Prof. Dr. Mohan Joseph Modayil, Director, CMFRI, Kochi.**

**Cover Design & Illustrations:** A. P. Sunil Kumar
**Design & Production:** Graficreations

# 11

# മത്സ്യമേഖലയിലെ ധനകാര്യസ്ഥാപനങ്ങളും വായ്പാപദ്ധതികളും

**ഡോ. ആർ. സത്യദാസ്, എൻ. അശ്വതി**
കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണസ്ഥാപനം, കൊച്ചി.

മത്സ്യസമ്പത്തിന്റെ ഉൽപാദനവും വിപണനവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ വായ്പാ പദ്ധതികൾ നിർണ്ണായക പങ്ക് വഹിക്കുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ സ്വന്തമാക്കുക, അവയുടെ കേടുപാടുകൾ തീർക്കുക, മത്സ്യവിപണനം, സംസ്ക്കരണം ഇവയെല്ലാം സാമ്പത്തിക സഹായം അത്യാവശ്യമായ മേഖലകളാണ്. താരതമ്യേന ആധുനിക യന്ത്രവൽകൃതമേഖലയെ അപേക്ഷിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗത്തിന് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭിക്കാൻ നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നു.

ഇവയ്ക്കുള്ള കാരണങ്ങൾ താഴെ റയുന്നവയാണ്.

1. വിവിധ ധനകാര്യസ്ഥാപനങ്ങളേയും വായ്പാപദ്ധതികളേയും കുറിച്ചുള്ള അറിവില്ലായ്മ.
2. വായ്പാ പദ്ധതികളുടെ അപര്യാപ്തത.
3. ദൈനംദിന ആവശ്യങ്ങൾക്കുള്ള സാമ്പത്തിക സഹായത്തിന്റെ അഭാവം.
4. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിലെ ഉയർന്ന വായ്പാ പലിശനിരക്ക്.
5. വായ്പാതുകയുടെ ദുരുപയോഗം.
6. ബോധപൂർവ്വമുള്ള തിരിച്ചടവില്ലായ്മ.

ഇത്തരുണത്തിൽ വിവിധ ധനകാര്യസ്ഥാപനങ്ങളേയും വായ്പാപദ്ധതികളേയും കുറിച്ചുള്ള അറിവ് മത്സ്യത്തൊഴിലാളികൾക്കും മത്സ്യവിപണന, സംസ്ക്കരണ മേഖലയിലെ സ്ത്രീകൾക്കും ഒരുപോലെ പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

## മത്സ്യമേഖലയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന പ്രധാന സ്ഥാപനങ്ങൾ താഴെപ്പറയുന്നു.

1. ഗവൺമെന്റ്.

2. ദേശീയ കാർഷിക ഗ്രാമവികസന ബാങ്ക് (NABARD)

3. വാണിജ്യബാങ്കുകൾ

4. സഹകരണസംഘങ്ങൾ

5. സ്വാശ്രയസംഘങ്ങൾ

6. ഗവൺമെന്റിതര സംഘടനകൾ

## ഗവൺമെന്റ്

മത്സ്യമേഖലയുടെ സാമൂഹിക സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വിവിധ വികസന പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നു.

* മത്സ്യബന്ധന വള്ളങ്ങൾക്ക് എൻജിൻ ഘടിപ്പിക്കുന്നതിന്റെ 50 ശതമാനം സബ്സിഡിയായി നൽകുന്നു. (OBM ന് പരമാവധി 10,000 രൂപയും IBM ന് പരമാവധി 12,000 രൂപയും സബ്സിഡിയായി ലഭിക്കുന്നു) കൂടാതെ വല വാങ്ങുന്നതിനായി 6,000 രൂപയും ലഭിക്കുന്നു.

* ചെറു യന്ത്രവൽകൃത ബോട്ടുകൾക്ക് (20 മീറ്ററിൽ താഴെ) HSD ഓയിലിന്റെ കേന്ദ്ര നികുതി മുഴുവനായി ഇളവു ചെയ്തിരിക്കുന്നു. പ്രതിവർഷം ഏകദേശം 20,000 ചെറു യന്ത്രവൽകൃത ബോട്ടുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

* മോട്ടോർ ഘടിപ്പിച്ച വള്ളങ്ങൾക്ക് പ്രതിമാസം 300 ലിറ്റർ വരെ മണ്ണെണ്ണ സൗജന്യ നിരക്കിൽ ലഭിക്കുന്നു.

* മത്സ്യത്തൊഴിലാളികൾക്ക് പ്രതിവർഷം 50,000 രൂപവരെ ഇൻഷ്വറൻസ് ആനുകൂല്യം ഏർപ്പെടുത്തിയിട്ടുണ്ട്.

* കൂടാതെ മത്സ്യകൃഷിക്കാവശ്യമായ സാങ്കേതിക, സാമ്പത്തിക സഹായവും നൽകിവരുന്നു.

## ദേശീയ കാർഷിക ഗ്രാമവികസന ബാങ്ക് (NABARD)

മത്സ്യമേഖലയിലെ വിജ്ഞാനവ്യാപനം, ഗവേഷണ വികസനപ്രവർത്തനങ്ങൾ, മത്സ്യകയറ്റുമതി ഇവയ്ക്കുവേണ്ട സാമ്പത്തിക സഹായം NABARD നൽകുന്നു. വിവിധ ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ എന്നിവ വഴി നൽകുന്ന വായ്പയുടെ 90 ശതമാനവും തുടർ വായ്പാ പദ്ധതിപ്രകാരം NABARD ൽ നിന്നും ധനസഹായമായി ലഭിയ്ക്കുന്നു. വാണിജ്യബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ ഇവയ്ക്കെല്ലാം NABARD ന്റെ തുടർ വായ്പാ പദ്ധതിയ്ക്ക് അർഹതയുണ്ട്.

## വാണിജ്യ ബാങ്കുകൾ

ദേശസാൽകൃത സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന വിവിധ വാണിജ്യബാങ്കുകൾ മത്സ്യമേഖലയ്ക്ക് സാമ്പത്തിക സഹായം നൽകാൻ സന്നദ്ധമാണ്. മത്സ്യമേഖലയിലെ വായ്പാ ആവശ്യകതയുടെ 14 ശതമാനം വാണിജ്യ ബാങ്കുകൾ നൽകുന്നുണ്ട്. വായ്പാത്തുക അനുസരിച്ച് പലിശനിരക്ക് 11 മുതൽ 16 ശതമാനം വരെയുണ്ട്. ഇപ്രകാരം വായ്പ ലഭിക്കുന്നതിന് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായുള്ള ഈട് നൽകേണ്ടിവരും.

വാണിജ്യബാങ്കുകൾ വ്യക്തികൾക്ക് നേരിട്ടോ അല്ലെങ്കിൽ സ്വാശ്രയസംഘങ്ങൾ വഴിയോ ധനസഹായം നൽകുന്നു. ധനസഹായം ലഭിയ്ക്കേണ്ട സ്വാശ്രയസംഘങ്ങൾക്ക് ഒരു നിശ്ചിത മാനദണ്ഡം നിർദ്ദേശിച്ചിരിക്കുന്നു. ഈ മാനദണ്ഡം പാലിക്കുന്ന സ്വാശ്രയസംഘങ്ങൾക്ക്

മാത്രമേ വാണിജ്യബാങ്കുകൾ വഴി ധനസഹായം ലഭിയ്ക്കുകയുള്ളു.

സ്വാശ്രയസംഘങ്ങൾ അംഗങ്ങളിൽ നിന്നും സ്വരൂപിക്കുന്ന നിക്ഷേപത്തിന്റെ 4 മടങ്ങുവരെ വായ്പയായി നൽകുന്നു. പലിശനിരക്ക് 8.5 മുതൽ 12 ശതമാനമാണ്.

വായ്പ നൽകുന്നതിന്റെ ആദ്യഘട്ടത്തിൽ റിവോൾവിങ് നിക്ഷേപമായി 25,000 രൂപവരെ നൽകുന്നു. റിവോൾവിംഗ് ഫണ്ട് സംഘാംഗങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും, വിവാഹം തുടങ്ങിയ അത്യാവശ്യഘട്ടങ്ങളിലും ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിന്റെ പലിശനിരക്ക് 10 ശതമാനമാണ്. ഇതിന്റെ തിരിച്ചടവിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഘട്ടമായി വലിയ തുകകൾ വായ്പയായി നൽകുന്നു. സംഘത്തിന്റെ കൂട്ടായ്മ രേഖ, കൂട്ടുത്തരവാദിത്വ രേഖ ഇവയല്ലാതെ യാതൊരു പണയവസ്തുക്കളും നൽകേണ്ടതില്ല. ഇവ കൂടാതെ സംഘത്തിന്റെ പ്രസിഡന്റോ, സെക്രട്ടറിയോ നൽകുന്ന ഇന്റർസേ എഗ്രിമെന്റ്, ഗവൺമെന്റിതര സംഘടനകൾ നൽകുന്ന ഉറപ്പ് എന്നിവയും അടിസ്ഥാനമാക്കിയാണ് വായ്പ നൽകുന്നത്.

റിവോൾവിംഗ് ഫണ്ടിന്റെ തിരിച്ചടവ് കാലാവധി രണ്ടു വർഷമാണ്. വലിയ വായ്പകൾക്ക് രണ്ടു മുതൽ അഞ്ച് വർഷം വരെ തിരിച്ചടവ് കാലാവധിയുണ്ട്. വായ്പാതുക ആവശ്യമനുസരിച്ച് ഘട്ടംഘട്ടമായാണ് നൽകുന്നത്.

## സ്വാശ്രയസംഘങ്ങൾ

മത്സ്യമേഖലയുടെ സാമ്പത്തിക ഉന്നമനത്തിനും വികാസത്തിനുമായി നിരവധി സ്വാശ്രയ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്വാശ്രയ സംഘം സമർപ്പിക്കുന്ന ധനവിനിയോഗ രൂപരേഖ അനുസരിച്ച് ബാങ്കുകൾ വഴിയും ദേശീയ കാർഷിക ഗ്രാമവികസന ബാങ്കുവഴിയും ധനസഹായം ലഭിയ്ക്കുന്നു. സാധാരണയായി സ്വാശ്രയസംഘങ്ങൾ അംഗങ്ങളിൽ നിന്നും സ്വരൂപിക്കുന്ന നിക്ഷേപത്തിന്റെ രണ്ടു മുതൽ നാല് മടങ്ങുവരെ വായ്പ ലഭിയ്ക്കുന്നു. ഈ തുക സ്വാശ്രയ സംഘങ്ങൾക്ക് നേരിട്ടോ ഗ്രാമപഞ്ചായത്തുകൾ വഴിയോ മറ്റു ഗവൺമെന്റിതര സംഘടനകൾ വഴിയോ ലഭിയ്ക്കുന്നു. സംഘം ഇത് അംഗങ്ങൾക്ക് വീതിച്ചുനൽകുന്നു. മൂന്ന് മുതൽ അഞ്ച് വർഷംവരെ കാലാവധിയുള്ള പ്രതിമാസ തിരിച്ചടവ് വ്യവസ്ഥയിൽ തുക നൽകുന്നതാണ്.

## ഗവൺമെന്റിതര സംഘടനകൾ

നിരവധി ഗവൺമെന്റിതര സംഘടനകൾ മത്സ്യ മേഖലയിൽ പ്രവർത്തിയ്ക്കുന്നുണ്ട്. മത്സ്യമേഖലയ്ക്കാവശ്യമായ സാമ്പത്തിക സാങ്കേതിക സഹായം നൽകുന്നതിനു പുറമെ ഈ സംഘടനകൾ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ മൊത്തമായുള്ള സാമൂഹിക സാമ്പത്തിക ഉന്നമനത്തിനുവേണ്ടി പ്രവർത്തിയ്ക്കുകയും ചെയ്യുന്നു.

മത്സ്യമേഖലയിലെ ധനാഗമന വിനിയോഗ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

1. വിവിധ ധനകാര്യ സ്ഥാപനങ്ങൾ മത്സ്യ മേഖലയ്ക്ക് പര്യാപ്തമായ തുക ഉറപ്പുവരുത്തുന്ന വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുക.

2. ദൈനംദിന ആവശ്യങ്ങൾക്കുള്ള വായ്പാപദ്ധതികൾ ഉൾപ്പെടുത്തുക.

3. വായ്പാതുകയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തുവാനുള്ള നടപടികൾ സ്വീകരിയ്ക്കുക.

4. വായ്പാ പദ്ധതികൾ, വായ്പയുടെ ശരിയായ ഉപയോഗം, തിരിച്ചടവ് എന്നിവയെ സംബന്ധിച്ച അറിവ് നൽകുക.

5. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, സ്ത്രീ തൊഴിലാളികൾ എന്നിവർക്ക് പരമാവധി പ്രയോജനം ലഭിയ്ക്കുവാനായി നിരവധി സ്വാശ്രയ സംഘങ്ങൾ രൂപീകരിയ്ക്കുകയും അവയെ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുകയും ചെയ്യുക.